പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 28

# 2006-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2006

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 28

# 2006-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ബിൽ

729/2006.

ബിൽ നമ്പർ 28

# 2006-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ബിൽ

1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നൂല്, തുണിത്തരങ്ങൾ അഥവാ തുണിത്തരങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ എന്നിവയുടെ വിറ്റുവരവിന്മേൽ സെസ്സ് ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നൂല്, തുണിത്തരങ്ങൾ അഥവാ തുണിത്തരങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ എന്നിവയുടെ വിറ്റുവരവിന്മേൽ സെസ്സ് ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതും യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തിയേഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2006-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം, നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അസസ്സിംഗ് ഓഫീസർ" എന്നാൽ 4-ാം വകുപ്പ് പ്രകാരം സർക്കാർ നിയമിച്ച ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു ;

(ബി) "ബോർഡ് " എന്നാൽ 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 6-ാം വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു ;

(സി) "വ്യാപാരി" എന്നാൽ നൂല്, തുണിത്തരങ്ങൾ അല്ലെങ്കിൽ തുണിത്തരങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുകയോ, വിൽക്കുകയോ, സംസ്ക്കരണം നടത്തുകയോ, കയറ്റുമതി ചെയ്യുകയോ, വിതരണം നടത്തുകയോ, വാങ്ങുകയോ, വിൽക്കുന്നതിനായി സംഭരിക്കുകയോ ചെയ്യുന്ന വ്യാപാരത്തിലേർ പെടുന്ന ഏതൊരാളും എന്നർത്ഥമാകുന്നതും; അതിൽ,—

(i) കേരള സംസ്ഥാനത്തിനുള്ളിൽ നൂല്, തുണിത്തരങ്ങൾ അഥവാ തുണിത്തരങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുകയോ, സംസ്ക്കരണം നടത്തുകയോ, വാങ്ങുകയോ, സംഭരിക്കുകയോ ചെയ്യുകയും കേരള സംസ്ഥാനത്ത് നിന്നും പുറത്തേക്ക് വിൽക്കുകയോ, കൈമാറ്റം ചെയ്യുകയോ, കയറ്റുമതി ചെയ്യുകയോ, (അതേ രൂപത്തിലോ സംസ്ക്കരിച്ച രൂപത്തിലോ) ചെയ്യുന്ന വ്യാപാരം നടത്തുന്ന ഏതൊരു കമ്മീഷൻ ഏജന്റും ബ്രോക്കറും (എന്ത് പേരിൽ അറിയപ്പെട്ടിരുന്നാലും) ;

(ii) ഒരു നിവാസേതര വ്യാപാരി അല്ലെങ്കിൽ നിവാസേതര വ്യാപാരിയുടെ ഒരു ഏജന്റ്, അല്ലെങ്കിൽ കേരള സംസ്ഥാനത്തിന് പുറത്ത് സ്ഥിതിചെയ്യുന്ന ഏകാംഗീകരിച്ചതോ അല്ലാത്തതോ ആയ ഫേം അഥവാ കമ്പനി അഥവാ ആളുകളുടെ സമാജം എന്നിവയുടെ പ്രാദേശിക ശാഖാ ആഫീസും ;

ഉൾപ്പെടുന്നതുമാകുന്നു;

(ഡി) "ഫണ്ട്" എന്നാൽ 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റി (1989-ലെ 2)-ലെ 3-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു ;

(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ജി) "വിറ്റുവരവ് " എന്നാൽ വിൽപ്പനയ്ക്കോ മറ്റു പ്രകാരമുള്ള സംസ്കരണത്തിനോ വേണ്ടി കേരള സംസ്ഥാനത്ത്നിന്നും കേരള സംസ്ഥാനത്തിനു പുറത്തേക്ക് കയറ്റി അയയ്ക്കുന്നതോ കൈമാറ്റം ചെയ്യുന്നതോ ഉൾപ്പെടെ കേരള സംസ്ഥാനത്തോ സംസ്ഥാനത്ത് നിന്നോ വിൽക്കുന്ന നൂലിന്റെയോ തുണിത്തരങ്ങളുടെയോ തുണിത്തരങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളുടെയോ വില്പനയുടെ മൂല്യം എന്നർത്ഥമാകുന്നു.

വിശദീകരണം: കേരള സംസ്ഥാനത്തിന് പുറത്തേക്കുള്ള കൈമാറ്റത്തിന്റെ സംഗതിയിൽ വില്പന മൂല്യമെന്നത് കേരള സംസ്ഥാനത്ത് നിലവിലുള്ള നിരക്കിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുള്ള യഥാർത്ഥ മൂല്യമായിരിക്കുന്നതാണ്;

(എച്ച്) "തുണിത്തരങ്ങൾ" എന്നാൽ ഏതെങ്കിലും തുണികൾ കൈത്തറിയിലൂടെയോ നെയ്ത്ത് യന്ത്രത്തിലൂടെയോ (തുണിമില്ലുകൾ ഉൾപ്പെടെ) മറ്റേതെങ്കിലും തറികളിലൂടെയോ, പരുത്തിനൂല്, പോളിസ്റ്റർ നൂല്, പട്ടുനൂലും അല്ലെങ്കിൽ മറ്റേതെങ്കിലും നൂല് (ബ്ലൻഡ് ചെയ്തതോ അല്ലാത്തതോ) എന്നിവയിൽ നിന്നും നെയ്തെടുക്കുന്ന ഏതെങ്കിലും തുണി എന്നർത്ഥമാകുന്നതും അതിൽ ഖാദി ഉല്പന്നങ്ങൾ ഉൾപ്പെടാത്തതുമാകുന്നു;

(ഐ) "തുണിത്തരത്തിൽ നിന്നുള്ള ഉത്പന്നങ്ങൾ" എന്നാൽ തുണി അടിസ്ഥാന ഭാഗമായി ഉപയോഗിച്ച് ഉത്പാദിപ്പിച്ചിട്ടുള്ള ഏതെങ്കിലും വസ്ത്രമോ, മറ്റേതെങ്കിലും വസ്തുക്കളോ എന്നർത്ഥമാകുന്നു;

(ജെ) "നൂല്" എന്നാൽ പരുത്തിനൂല്, പോളിസ്റ്റർ നാര്, പട്ട്നൂല് അല്ലെങ്കിൽ വസ്ത്രങ്ങൾ നെയ്യുന്നതിന് ഉപയോഗിക്കാവുന്ന ബ്ലൻഡ് ചെയ്ത മറ്റേതെങ്കിലും നാര് എന്നർത്ഥമാകുന്നു.

(2) ഇതിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും അവയ്ക്ക് ആ ആക്റ്റിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. സെസ്സ് ചുമത്തുന്നതും ഈടാക്കുന്നതും.—(1) 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ ആവശ്യത്തിലേക്കായി, കാലാകാലങ്ങളിൽ സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി വിനിർദ്ദേശിക്കാവുന്ന, ഒരു വ്യാപാരിയുടെ മൊത്തം വിറ്റുവരവിന്റെ കാൽ ശതമാനത്തിൽ കുറയാത്തതും അരശതമാനത്തിൽ കവിയാത്തതുമായ, അങ്ങനെയുള്ള നിരക്കിൽ സെസ്സ് ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്:

എന്നാൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു സെസ്സും, ഒരു വർഷം മൂന്ന് ലക്ഷം രൂപയിൽ കുറഞ്ഞ വിറ്റുവരവുള്ള വ്യാപാരിയുടെമേൽ ചുമത്താൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ചുമത്തപ്പെട്ട സെസ്സ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം രീതിയിലും അത്തരം സമയത്തും ഓരോ വ്യാപാരിയിൽ നിന്നും പിരിച്ചെടുക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ള സെസ്സ്, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിൽ, നൂലിൻമേലോ തുണിത്തരങ്ങളിൻമേലോ, തുണിത്തരങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളിൻമേലോ ചുമത്താവുന്ന ഏതെങ്കിലും സെസ്സിനോ, തീരുവയ്ക്കോ, നികുതിക്കോ, പുറമെ ആയിരിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പ് പ്രകാരം സെസ്സായി പിരിച്ചെടുത്ത തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, ആദ്യം കേരള സംസ്ഥാന സഞ്ചിത നിധിയിലേക്ക് വരവുവയ്ക്കേണ്ടതാണ്.

(5) സർക്കാർ പിരിച്ചെടുത്ത സെസ്സ് തുക, ഓരോ വർഷവും പിരിച്ചെടുത്ത തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക, അത്തരം സെസ്സ് പിരിച്ചെടുത്തതിന്റെ ചെലവിലേക്ക് കിഴിവ് ചെയ്തതിനുശേഷം, ബോർഡിന്റെ ഫണ്ടിലേക്ക് ജൂൺ-30ന് മുമ്പായി, നിർണ്ണയിക്കപ്പെടാവുന്ന അത്തരം രീതിയിൽ, നല്കേണ്ടതാണ്.

4. അസസ്സിംഗ് ആഫീസറുടെ നിയമനം.—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ആഫീസർ ഗ്രേഡ്-1 പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരെയോ ജില്ലാ എക്സിക്യൂട്ടീവ് ആഫീസറുടെ പദവിയിൽ കുറയാത്ത ബോർഡിലെ ഉദ്യോഗസ്ഥരെയോ അസ്സസ്സിംഗ് ആഫീസറായി നിയമിക്കാവുന്നതും അവരുടെ തദ്ദേശാധികാര പരിധി നിശ്ചയിക്കാവുന്നതുമാണ്.

5. രജിസ്റ്ററുകളുടെയും റിക്കാർഡുകളുടെയും സൂക്ഷിച്ചുപോരൽ.—(1) നിർണ്ണയിക്കപ്പെടുന്ന രീതിയിലുള്ള രജിസ്റ്ററുകളും റിക്കാർഡുകളും ഓരോ വ്യാപാരിയും സൂക്ഷിക്കേണ്ടതാണ്.

(2) വ്യാപാരിയുടെ വ്യാപാരസ്ഥാപനത്തിൽ രജിസ്റ്ററുകളും റിക്കാർഡുകളും സൂക്ഷിക്കേണ്ടതും ഈ ആക്റ്റിനാൽ അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും അല്ലെങ്കിൽ അതോറിറ്റിയും ആവശ്യപ്പെടുമ്പോൾ അവ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

6. വ്യാപാരി റിട്ടേണുകൾ നൽകേണ്ടത് സംബന്ധിച്ച്.—(1) നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള രീതിയിലും സമയത്തും അസ്സസ്സിംഗ് ആഫീസർ മുമ്പാകെ, മുൻ സാമ്പത്തിക വർഷത്തെ വിറ്റുവരവ് കാണിച്ചുകൊണ്ടുള്ള റിട്ടേണുകൾ ഓരോ വ്യാപാരിയും സമർപ്പിക്കേണ്ടതാണ്.

(2) 3-ാം വകുപ്പനുസരിച്ച് സെസ്സ് നൽകാൻ ബാദ്ധ്യതയുള്ള ഏതെങ്കിലും വ്യാപാരി (1)-ാം ഉപവകുപ്പ് പ്രകാരമുള്ള റിട്ടേൺ സമർപ്പിക്കുന്നതിന് വീഴ്ച വരുത്തിയാൽ അങ്ങനെയുള്ള റിട്ടേൺ സമർപ്പിക്കുന്നതിനുവേണ്ടി അസസ്സിംഗ് ആഫീസർ അങ്ങനെയുള്ള വ്യാപാരിയോട് നോട്ടീസിൽ വിനിർദ്ദേശിച്ചിട്ടുള്ള തീയതിക്ക് മുമ്പ് റിട്ടേൺ നൽകുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നോട്ടീസ് നൽകേണ്ടതാണ്.

7. സെസ്സ് തിട്ടപ്പെടുത്തൽ.—(1) 6-ാം വകുപ്പനുസരിച്ചുള്ള ഒരു റിട്ടേൺ സ്വീകരിച്ചിട്ടുള്ള ഒരു അസസ്സിംഗ് ആഫീസർ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന രീതിയിലുള്ള അന്വേഷണം നടത്തിയതിനോ നടത്തിപ്പിച്ചതിനോ ശേഷവും റിട്ടേണിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് സ്വയം ബോദ്ധ്യപ്പെട്ടതിനുശേഷവും വ്യാപാരി നൽകേണ്ടതായ സെസ്സ് തുക, ഉത്തരവ് വഴി, തിട്ടപ്പെടുത്തേണ്ടതാണ്.

(2) 6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിട്ടേൺ അസ്സസ്സിംഗ് ആഫീസർക്ക് സമർപ്പിക്കാതിരിക്കുന്നുവെങ്കിൽ, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയതിനോ നടത്തിപ്പിച്ചതിനോ ശേഷം, ആ വ്യാപാരി നൽകേണ്ടതായ സെസ്സ് തുക ഉത്തരവ് വഴി തിട്ടപ്പെടുത്തേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പനുസരിച്ചോ, (2)-ാം ഉപവകുപ്പനുസരിച്ചോ സെസ്സ് തിട്ടപ്പെടുത്തിക്കൊണ്ടുള്ള ഒരുത്തരവിൽ വ്യാപാരി നൽകേണ്ടതായ സെസ്സ് തുകയും അത് ഏത് തീയതിക്കുള്ളിൽ നൽകണമെന്നും നിർദ്ദേശിക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരമോ (2)-ാം ഉപവകുപ്പ് പ്രകാരമോ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന് അത്തരം അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) അനുസരിച്ച് വ്യവഹാരം വിചാരണ ചെയ്യുന്നതിൽ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഏതൊരാളിന്റെയും ഹാജർ ഉറപ്പുവരുത്തുകയും, സത്യപ്രതിജ്ഞയിന്മേലോ ദൃഢപ്രതിജ്ഞയിന്മേലോ അയാളെ വിസ്തരിക്കുകയും ചെയ്യുക ;

(ബി) രേഖകൾ വെളിപ്പെടുത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക ;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനുകളെ നിയോഗിക്കുക ;

(5) ഈ വകുപ്പിൻ കീഴിൽ നടത്തപ്പെടുന്ന ഏതൊരു അന്വേഷണവും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിക്കുള്ളിലും പ്രസ്തുത നിയമ സംഹിതയിലെ 196-ാം വകുപ്പിന്റെ ആവശ്യത്തിലും ഒരു നീതിന്യായ നടപടി ആയി കരുതപ്പെടുന്നതാണ്.

8. സെസ്സ് താൽക്കാലികമായി പിരിച്ചെടുക്കൽ.— (1) 3-ാം വകുപ്പ്പ്രകാരം സെസ്സ് നൽകാൻ ബാദ്ധ്യസ്ഥനായ ഏതൊരു വ്യാപാരിയും, 7-ാം വകുപ്പ് പ്രകാരം ഏറ്റവും അവസാനമായി സെസ്സ് തിട്ടപ്പെടുത്തിയതനുസരിച്ച് വാർഷികമായി അയാൾ നൽകേണ്ടതായ തുകയുടെ പന്ത്രണ്ടിൽ ഒരു ഭാഗത്തിന് തുല്യമായ ഒരു തുക എല്ലാ മാസവും പത്താം തീയതിക്കോ അതിന് മുൻപായോ മുൻകൂർ സെസ്സായി നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൻ പ്രകാരം അടയ്ക്കേണ്ട തീയതിയിലോ അതിന് മുമ്പോ തുക അടയ്ക്കാത്തപക്ഷം അസസ്സിംഗ് ഓഫീസർ, വീഴ്ച വരുത്തിയ ആളിന് കുടിശ്ശികയായിരിക്കുന്ന തുക കാണിച്ചുകൊണ്ടും നോട്ടീസ് കൈപ്പറ്റി ഏഴ് ദിവസത്തിൽ കവിയാത്ത സമയത്തിനുള്ളിൽ പ്രസ്തുത തുക അടയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും നോട്ടീസ് നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം വ്യാപാരി ഒരു വർഷം അടച്ച തുക 7-ാം വകുപ്പുപ്രകാരം ആ വർഷം തിട്ടപ്പെടുത്തിയ തുകയിൽ നിന്നും തട്ടിക്കിഴിക്കേണ്ടതാണ്.

9. സെസ്സ് ഒടുക്കുന്നതിലുള്ള കാലതാമസത്തിന് നൽകേണ്ടതായ പലിശ.—ഏതെങ്കിലും വ്യാപാരി 3-ാം വകുപ്പ് പ്രകാരം ഒടുക്കേണ്ടതായ ഏതെങ്കിലും സെസ്സ് തുക അസസ്സ്മെന്റ് ഉത്തരവിൽ പറഞ്ഞിരിക്കുന്ന സമയത്തിനുളളിൽ അടയ്ക്കാൻ വീഴ്ച വരുത്തുന്നതായാൽ, അങ്ങനെയുള്ള തുക നൽകേണ്ടതായ തീയതി മുതൽ യഥാർത്ഥത്തിൽ നല്കിയ തീയതി വരെയുള്ള കാലയളവിൽ ഓരോ മാസത്തിനോ അഥവാ മാസത്തിന്റെ ഭാഗത്തിനോ അടയ്ക്കേണ്ടതായ തുകയുടെ രണ്ട് ശതമാനം എന്ന നിരക്കിൽ പലിശ നൽകാൻ ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

10. നിശ്ചിത സമയത്തിനുള്ളിൽ സെസ്സ് അടയ്ക്കാതിരിക്കുന്നതിനുള്ള ശിക്ഷ.— 3-ാം വകുപ്പ് പ്രകാരം ഏതെങ്കിലും വ്യാപാരി അടക്കേണ്ടതായ ഏതെങ്കിലും സെസ്സ് തുക, 7-ാം വകുപ്പ് പ്രകാരമുള്ള അസസ്സ്മെന്റ് ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ള തീയതിക്കുള്ളിൽ അടയ്ക്കാതെയിരുന്നാൽ അത് കുടിശ്ശികയായി കണക്കാക്കി അസസ്സിംഗ് ആഫീസർ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്തിയതിന് ശേഷം അത്തരം വ്യാപാരിക്കുമേൽ, സെസ്സ് തുകയിൽ കവിയാത്ത, പിഴ ചുമത്താവുന്നതുമാണ് :

എന്നാൽ, അത്തരം ഏതെങ്കിലും പിഴ ചുമത്തുന്നതിനുമുൻപായി ആ വ്യാപാരിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതും അപ്രകാരം കേട്ടതിനുശേഷം ഉത്തമവും മതിയായതുമായ കാരണത്താലാണ് വീഴ്ച വരുത്തിയതെന്ന് അസസ്സിംഗ് ആഫീസർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, ഈ വകുപ്പിൻ കീഴിൽ യാതൊരു ശിക്ഷയും ചുമത്താൻ പാടുള്ളതല്ല.

11. ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ തുക ഈടാക്കുന്നത്.—ഈ ആക്റ്റ് പ്രകാരം വ്യാപാരി നൽകേണ്ടതായ ഏതൊരു തുകയും (പലിശയും പിഴയും ഉൾപ്പെടെ) ഭൂമിയിൽ നിന്നുള്ള നികുതി കുടിശ്ശിക എന്ന പോലെ ഈടാക്കാവുന്നതാണ്.

12. അപ്പീൽ.—(1) 7-ാം വകുപ്പുപ്രകാരമുള്ള അസസ്സ്മെന്റ് ഉത്തരവുമൂലമോ 10-ാം വകുപ്പുപ്രകാരം പിഴ ചുമത്തിയിട്ടുള്ള ഒരു ഉത്തരവുമൂലമോ സങ്കടമനുഭവിക്കുന്ന ഏതൊരു വ്യാപാരിക്കും, നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള സമയത്തിനുള്ളിലും നിർണ്ണയിക്കപ്പെടാവുന്ന അപ്പീൽ അധികാരിക്ക് അപ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള രീതിയിലും, അപ്പീൽ നൽകാവുന്നതാണ് .

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഫയൽ ചെയ്യുന്ന ഓരോ അപ്പീലിനുമൊപ്പം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസും നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം അപ്പീൽ സ്വീകരിക്കുമ്പോൾ അപ്പീൽ അധികാരി ഇക്കാര്യത്തിൽ അപ്പീൽ വാദിക്ക് പറയുവാൻ ഉള്ളത് പറയുവാൻ ഒരു അവസരം നൽകിയശേഷം കഴിയുന്നതും വേഗം അപ്പീൽ തീർപ്പാക്കേണ്ടതാണ്.

(4) ഈ വകുപ്പിൻ കീഴിൽ അപ്പീലിന്മേൽ പാസ്സാക്കിയ ഓരോ ഉത്തരവും അന്തിമമായിരിക്കുന്നതും ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാണ്.

13. പ്രവേശിക്കുന്നതിനുള്ള അധികാരം.—ഏതെങ്കിലും ഒരു അസസ്സിംഗ് ആഫീസർക്കോ അഥവാ സർക്കാർ ഇക്കാര്യത്തിൽ പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഒരു ഉദ്യോഗസ്ഥനോ,—

(എ) 6-ാം വകുപ്പ് പ്രകാരം ഏതെങ്കിലും വ്യാപാരി നല്കിയിട്ടുള്ള വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നത് ഉൾപ്പെടെയുള്ള, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് അദ്ദേഹം ആവശ്യമെന്ന് കരുതുന്ന, ഏതെങ്കിലും സ്ഥാപനത്തിലോ, സ്ഥലത്തോ ന്യായമായ ഏതൊരു സമയത്തും അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള സഹായം, എന്തെങ്കിലും ഉണ്ടെങ്കിൽ അതോടുകൂടി പ്രവേശിക്കുകയും ;

(ബി) നൂലിന്റെയും തുണിത്തരങ്ങളുടെയും തുണിത്തരങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെയും വിൽപ്പന സംബന്ധിച്ച രജിസ്റ്ററും മറ്റേതെങ്കിലും രേഖയും ഹാജരാക്കുവാൻ ആവശ്യപ്പെടുകയും ;

(സി) നിർണ്ണയിക്കപ്പെടുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും; ചെയ്യാവുന്നതാണ്.

14. പിരിച്ചെടുത്ത സെസ്സിന്റെ റിട്ടേൺ.—(1) ഓരോ അസസ്സിംഗ് ആഫീസറും താൻ മുൻ മാസത്തിൽ സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക കാണിച്ചുകൊണ്ടുള്ള ഒരു റിട്ടേൺ, ബോർഡിനും, അപ്രകാരം നിർദ്ദേശിച്ചിട്ടുള്ള മറ്റ് അതോറിറ്റിക്കും മുമ്പാകെ, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള കാലയളവിനുള്ളിലും, എല്ലാ മാസവും സമർപ്പിക്കേണ്ടതാണ്.

(2) ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അഥവാ (1)-ാം ഉപ വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള അതോറിറ്റിയോ മുൻ സാമ്പത്തിക വർഷത്തിൽ സെസ്സ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള മുഴുവൻ തുകയും കാണിച്ചുകൊണ്ടുള്ള ഒരു റിട്ടേൺ, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള കാലയളവിനുള്ളിലും, ഓരോ വർഷവും, സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

15. ശിക്ഷ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു റിട്ടേൺ സമർപ്പിക്കാൻ ബാദ്ധ്യസ്ഥനായ ഏതെങ്കിലും ഒരു വ്യാപാരി, വ്യാജമാണെന്നറിയുന്നതോ, അല്ലെങ്കിൽ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഏതെങ്കിലും ഒരു റിട്ടേൺ സമർപ്പിക്കുന്നു എങ്കിൽ, ആറുമാസക്കാലംവരെ ആകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അഥവാ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) അപ്രകാരമുള്ള സെസ്സ് നൽകുന്നതിൽ നിന്നും ബോധപൂർവ്വമോ, മനഃപൂർവ്വമോ ഒഴിഞ്ഞുമാറുകയോ ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയോ ചെയ്യുന്ന, ഈ ആക്റ്റ് പ്രകാരം സെസ്സ് നൽകാൻ ബാദ്ധ്യസ്ഥനായ ഏതൊരാളും, ആറുമാസക്കാലം വരെ ആകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കുന്ന ഏതൊരാളും, ഈ ആക്റ്റ് പ്രകാരം മറ്റൊരിടത്തും അങ്ങനെയുള്ള ലംഘനത്തിന് മറ്റ് ശിക്ഷയൊന്നും വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, മൂന്നുമാസക്കാലം വരെ ആകാവുന്ന തടവോ രണ്ടായിരത്തി അഞ്ഞൂറ് രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) സർക്കാരോ, സർക്കാർ അധികാരപ്പെടുത്തിയ പ്രകാരമോ സമർപ്പിക്കുന്ന പരാതിയിൻമേൽ അല്ലാതെ, ഈ വകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റവും യാതൊരു കോടതിയും വിചാരണയ്ക്കെടുക്കുവാൻ പാടുള്ളതല്ല.

16. കമ്പനികൾ ചെയ്യുന്ന കുറ്റം.—(1) ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുന്നിടത്ത്, കുറ്റം ചെയ്യുന്ന സമയത്ത് കമ്പനിയുടെ ചാർജ്ജ് വഹിക്കുന്നതും കമ്പനിയുടെ ബിസിനസ് നടത്തിപ്പിന്റെ ഉത്തരവാദിത്വമുണ്ടായിരുന്നതും ആയ ഓരോ ആളും കമ്പനിയും കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ചുള്ള നടപടിക്ക് വിധേയമാക്കപ്പെടേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്.

എന്നാൽ, കുറ്റം ചെയ്തിട്ടുള്ളത് തന്റെ അറിവ് കൂടാതെയാണെന്നോ അഥവാ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുന്നതിനായി താൻ യഥാവിധി എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ, ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും തന്നെ അങ്ങനെയുള്ള യാതൊരാളെയും യാതൊരു ശിക്ഷയ്ക്കും വിധേയമാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തത് കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ, സെക്രട്ടറിയുടെയോ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷ കൊണ്ടോ ആണെങ്കിൽ അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റു ഉദ്യോഗസ്ഥനോ ആ കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ചുള്ള നടപടിക്ക് വിധേയമാക്കപ്പെടേണ്ടതും ശിക്ഷിക്കപ്പെടേണ്ടതുമാണ്.

വിശദീകരണം : ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(എ) "കമ്പനി" എന്നാൽ ഒരു ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ, വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും ആകുന്നു.

(ബി) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ ആ ഫേമിലെ പങ്കാളി എന്നർത്ഥമാകുന്നു.

17. സിവിൽക്കോടതികളുടെ അധികാരികതയ്ക്ക് വിലക്ക്.— ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ വഴിയോ അതുപ്രകാരമോ, സർക്കാരോ ഈ ആക്റ്റ് പ്രകാരം നിയമിച്ചിട്ടുള്ള ഏതെങ്കിലും അതോറിറ്റിയോ ഉദ്യോഗസ്ഥനോ ഒത്തുതീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിർണ്ണയിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം ഒത്തുതീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും കാര്യം നിർണ്ണയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരികത ഉണ്ടായിരിക്കുന്നതല്ല.

18. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി, ഗസറ്റ് വിജ്ഞാപനം വഴി സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) 3-ാം വകുപ്പ് പ്രകാരം സെസ്സ് ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതുമായ രീതിയും സമയപരിധിയും ;

(ബി) 5-ാം വകുപ്പ് പ്രകാരം വ്യാപാരി സൂക്ഷിച്ചുപോരേണ്ട രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങൾ ;

(സി) 6-ാം വകുപ്പ് പ്രകാരം വ്യാപാരി അസസ്സിംഗ് ഓഫീസർ മുമ്പാകെ സമർപ്പിക്കേണ്ട മുൻ സാമ്പത്തിക വർഷത്തെ വിറ്റുവരവ് കാണിച്ചുകൊണ്ടുള്ള റിട്ടേൺ സമർപ്പിക്കേണ്ടതിന്റെ രീതിയും സമയപരിധിയും ;

(ഡി) 12-ാം വകുപ്പ് പ്രകാരം അപ്പീൽ ഫയൽ ചെയ്യേണ്ട രീതിയും നൽകേണ്ട ഫീസും ;

(ഇ) 13-ാം വകുപ്പ് (സി) ഖണ്ഡപ്രകാരം അസസ്സിംഗ് ആഫീസർക്കോ മറ്റേതെങ്കിലും ആഫീസർക്കോ വിനിയോഗിക്കാവുന്ന അധികാരം ;

(എഫ്) 14-ാം വകുപ്പ് പ്രകാരം പിരിച്ചെടുത്ത സെസ്സിന്റെ റിട്ടേൺ സമർപ്പിക്കേണ്ട ഫാറവും കാലയളവും ;

(ജി) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതൊരു കാര്യവും.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഓരോ ചട്ടവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടമുണ്ടാക്കേണ്ടതില്ലെന്നു തീരുമാനിക്കുകയോ ചെയ്യുമ്പോൾ ആ ചട്ടത്തിന്, അതത് സംഗതിപോലെ, അതിനുശേഷം അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പു ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

19. റദ്ദാക്കലും ഒഴിവാക്കലും.—(1) 2006-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ഓർഡിനൻസ് (2006-ലെ 29) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ 2002 ഫെബ്രുവരി 22-ാം തീയതിയിലെ ഒ. പി. നമ്പർ 6397/1996(I)-ലെ പൊതു വിധിന്യായത്തിൽ 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ തുണിത്തരങ്ങളുടെ വ്യാപാരികൾക്കുള്ള അംശദായം വ്യവസ്ഥ ചെയ്യുന്ന 4-ാം വകുപ്പ് (2)-ാം ഉവപകുപ്പ് അസാധുവാണെന്ന് പ്രഖ്യാപിക്കുക യുണ്ടായി. പ്രസ്തുത ആക്റ്റിലെ 4-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ തുണിത്തര ങ്ങളുടെ വ്യാപാരികളിൽ നിന്നുള്ള അംശദായം ഫണ്ടിലേക്കുള്ള പ്രധാന വരുമാനമാർഗ്ഗ മായിരുന്നതിനാൽ ഇത് കേരളത്തിലെ കൈത്തറി തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള വരുമാനത്തിൽ ഗണ്യമായ കുറവുവരുത്തി.

2. ഗുണഭോക്താക്കളുടെ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിലേക്ക് ഫണ്ടിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി, കേരള സംസ്ഥാനത്തിനകത്ത് നടത്തുന്ന തുണിത്തരങ്ങളുടെ വിറ്റുവരവിൽ സെസ്സ് ചുമത്തുന്നതിനായി ഒരു നിയമനിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലില്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം നടപ്പിലാക്കുന്നതിന് സത്വര നിയമനിർമ്മാണം നടത്തേണ്ട സാഹചര്യം നിലനിന്നിരുന്നതിനാലും കേരള ഗവർണ്ണർ 2006-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ഓർഡിനൻസ് വിളംബരപ്പെടുത്തുകയും ആയത് 2006 ജനുവരി 6-ാം തീയതിയിലെ 34-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2006-ലെ 4-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിനുപകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരു ന്നതിനുള്ള ഒരു ബില്ല് പതിനൊന്നാം കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ, പാസ്സാക്കുന്നതിനോ സമയക്കുറവുമൂലം സാധിച്ചില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2006-ലെ കേരള കൈത്തറി ക്ഷേമ സെസ്സ് ഓർഡിനൻസ് (2006-ലെ 29) 2006 ജൂലായ് 5-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2006 ജൂലായ് 5-ാം തീയതിയിലെ 1123-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. 2006-ലെ 29-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം (4) ഉം (5) ഉം ഉപഖണ്ഡം, (2)-ാം ഉപവകുപ്പിൻ കീഴിൽ പിരിച്ചെടുത്ത സെസ്സ് വരുമാനം, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സംസ്ഥാന സഞ്ചിതനിധിയിലേക്ക് ആദ്യം വരവ് വയ്ക്കണമെന്നും ഓരോ വർഷവും ജൂൺ 30-നു മുമ്പായി അങ്ങനെ പിരിച്ചെടുത്ത സെസ്സ് തുകയുടെ ഒരു ശതമാനത്തിൽ കവിയാതെയുള്ള തുക പിരിച്ചെടുക്കുന്നതിനുള്ള ചെലവിലേക്ക് കുറച്ചശേഷം സർക്കാർ, ബോർഡിന്റെ ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡപ്രകാരം, സെസ്സ് തീരുമാനിക്കുന്നതിനും പിരിച്ചെടുക്കുന്നതിനുമുള്ള ഉദ്ദേശ്യത്തിനായി സർക്കാരിന് അസസ്സിംഗ് ആഫീസറെ നിയമിക്കാവുന്നതാണ്. ബില്ലിലെ 12-ാം ഖണ്ഡത്തിന്റെ ആവശ്യത്തിനായി അപ്പീൽ അധികാരിയെ കൂടി നിയമിക്കേണ്ടതാണ്. തൊഴിൽ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെയോ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിലവിലുള്ള ഉദ്യോഗസ്ഥരെയോ ആണ് അസസ്സിംഗ് ആഫീസർമാരായി ഉദ്ദേശിച്ചിട്ടുള്ളത്. അതുപോലെ തന്നെ, സർക്കാർ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരായിരിക്കും അപ്പീൽ അധികാരികൾ. അതുകൊണ്ട് അങ്ങനെയുള്ള ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ചുമതലകൾ അവരുടെ നിലവിലുള്ള ചുമതലകൾക്കും പുറമേയുള്ളതും ശമ്പളവും ആനുകൂല്യങ്ങളുമിനത്തിൽ ഏതെങ്കിലും അധിക ചെലവ് ഇല്ലാത്തതും ആയതിനാൽ സർക്കാരിന് ഒരു ബാദ്ധ്യത യുമില്ലാത്തതുമാകുന്നു.

3. ബില്ലിലെ 3-ാം ഖണ്ഡം (5)-ാം ഉപഖണ്ഡത്തിൻ കീഴിൽ, പിരിച്ചെടുത്ത സെസ്സ് തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കൽ ചെലവുകളിലേക്കായി വിനിയോഗി ക്കാവുന്നതാണ്, ബില്ലിൽ നിശ്ചയിച്ചിരിക്കുന്ന സെസ്സിന്റെ നിരക്ക് 0.25 ശതമാനം മുതൽ 0.5 ശതമാനം വരെയാണ്. കേരളത്തിലെ കൈത്തറി വ്യാപാരികളും കൈത്തറി കയറ്റു മതിക്കാരും ഉൾപ്പെടെ തുണിത്തരങ്ങളുടെ 2350 വ്യാപാരികൾ ഈ ബില്ലിന്റെ പരിധിയിൽ വരുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന വ്യാപാരികളുടെ ഒരു വർഷത്തിലെ മൊത്ത വിറ്റുവരവ് 850 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. പ്രസ്തുത തുകയുടെ 0.25 ശതമാനം 2,12,50,000 രൂപയും 0.5 ശതമാനം 4,25,00,000 രൂപ യുമാണ്. അതിനാൽ സർക്കാർ നിശ്ചയിക്കുന്ന നിരക്ക് അനുസരിച്ച് കുറഞ്ഞത് 2,12,50,000 രൂപയും പരമാവധി 4,25,00,000 രൂപയുമായിരിക്കും പിരിച്ചെടുക്കാൻ കഴിയുന്ന സെസ്സ് തുക എന്നു കണക്കാക്കാവുന്നതാണ്. അതുകൊണ്ട് സർക്കാർ അക്കൗണ്ടി ലേക്ക് അടച്ച സെസ്സിന്റെ തുക കൈമാറ്റം ചെയ്യുന്നതിന് സഞ്ചിതനിധിയിൽ നിന്നുള്ള ആവർത്തന ചെലവ് വർഷംതോറും ഉദ്ദേശം 2,12,50,000 രൂപയ്ക്കും 4,25,00,000 രൂപയ്ക്കും ഇടയിലാണ്.

## ഏല്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. വ്യാപാരികളിൽ നിന്നും സെസ്സ് പിരിച്ചെടുക്കേണ്ട രീതിയും സമയവും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 3-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

2. സംസ്ഥാന സഞ്ചിതനിധിയിലേക്ക്, നിർണ്ണയിക്കപ്പെട്ട രീതിയിൽ സെസ്സ് തുക വരവുവെയ്ക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 3-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3. സംസ്ഥാന സഞ്ചിതനിധിയിൽ വരവുവെച്ച് സെസ്സ് തുക ബോർഡിലേക്ക് ഒടുക്കേണ്ട രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 3-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

4. ഒരു വ്യാപാരി സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകളും രേഖകളും നിർണ്ണയിക്കുന്ന തിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 5-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. ഒരു വ്യാപാരി വാർഷിക വിറ്റുവരവ് കാണിക്കുന്ന റിട്ടേൺ സമർപ്പിക്കേണ്ടതിന്റെ രീതിയും സമയവും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 6-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

6. അപ്പീൽ അധികാരി മുൻപാകെ അപ്പീൽ ഫയൽ ചെയ്യേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 12-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

7. 12-ാം ഖണ്ഡം (1)-ാം ഉപഖണ്ഡ പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിനു വേണ്ടിയുള്ള ഫീസ് നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 12-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

8. അസസ്സിംഗ് ആഫീസർമാരോ, ഈ ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള അധികാരങ്ങൾക്ക് പുറമേ അത്തരത്തിൽ അധികാരപ്പെടുത്തിയിട്ടുള്ള മറ്റ് ഉദ്യോഗസ്ഥരോ വിനിയോഗിക്കേണ്ട അധികാരങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 13 (സി) ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

9. അസസ്സിംഗ് ആഫീസർ സമർപ്പിക്കേണ്ട റിട്ടേണിന്റെ ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

10. ഓരോ വർഷവും പിരിച്ചെടുത്ത സെസ് തുക കാണിച്ചുകൊണ്ട് സർക്കാരിന് സമർപ്പിക്കേണ്ട റിട്ടേൺഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 14-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

11. ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 18-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

12. ഏതു കാര്യങ്ങളെ സംബന്ധിച്ചാണ് ചട്ടങ്ങൾ ഉണ്ടാക്കുകയോ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്യാവുന്നത്, അവ സാധാരണമോ അല്ലെങ്കിൽ ഭരണപരമോ ആയ സ്വഭാവത്തിലുള്ളവ ആകുന്നു. മാത്രമല്ല ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി. കെ. ഗുരുദാസൻ